കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജില്ല പെരിന്തൽമണ്ണ നഗരസഭ ജൂബിലി റോഡ് പുറമ്പോക്കിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ടവർക്ക് ഭൂമി പതിച്ച് പട്ടയം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ) നം 3259/2012/തസ്വഭവ തീയതി, തിരുവനന്തപുരം 28/11/2012

---

പരാമർശം1) പെരിന്തൽമണ്ണ നഗരസഭയുടെ 11/1/2001 ലെ മൂന്നാം നമ്പർ തീരുമാനം

2) പെരിന്തൽമണ്ണ നഗരസഭയുടെ 21/1/2003 ലെ 13 -ാം നമ്പർ തീരുമാനം

3) പെരിന്തൽമണ്ണ നഗരസഭയുടെ 19/2/2011 ലെ മൂന്നാം നമ്പർ തീരുമാനം

4) പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയുടെ 19/9/2012 ലെ ജി422698/12 നമ്പർ കത്ത്

5) നഗരകാര്യ ഡയറക്ടറുടെ 3/11/2012 ലെ ജി116165/2012 നമ്പർ കത്ത്

## ഉത്തരവ്

പെരിന്തൽമണ്ണ നഗരസഭയിൽ ജൂബിലി റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിച്ചശേഷം റോഡ് വീതി കൂട്ടുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. തുടർന്ന് നഗരസഭ 28-ാം വാർഡിലെ കാഞ്ഞിരക്കുന്ന് പ്രദേശത്ത് ഭൂമി വാങ്ങി വീടുകൾ നിർമ്മിച്ച് ടിയാളുകളെ പുനരധിവസിപ്പിക്കുകയും പ്രസ്തുത വീടുകൾക്ക് പരാമർശം(2) പ്രകാരം നമ്പരിട്ട് കൈവശം നല്കുകയും ചെയ്തു.പുനരധിവസിപ്പിക്കപ്പെട്ടവർക്ക് സ്ഥലത്തിന് പട്ടയം നല്കുന്നതിന് പരാമർശം(3)പ്രകാരം തീരുമാനിച്ച് പരാമർശം (4)പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയുമുണ്ടായി.പുനരധിവസിപ്പിക്കപ്പെട്ടവർക്ക് മൂന്ന് സെന്റ് ഭൂമി വീതം അനുവദിക്കാവുന്നതാണെന്ന് പരാമർശം(5)പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നഗരസഭയിലെ ജൂബിലി റോഡ് പുറമ്പോക്കിൽ നിന്നും കാഞ്ഞിരക്കുന്ന് പ്രദേശത്ത് പുനരധിവസിപ്പിക്കപ്പെട്ടതും ഇതിനകം കൈവശം നല്കിയിട്ടുള്ളതുമായ മൂന്ന് സെന്റ് സ്ഥലം വീതം 30 കുടുംബങ്ങൾക്ക് പതിച്ച് പട്ടയം നല്കുന്നതിന് നഗരസഭക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ഡയറക്ടർ,ലോക്കൽ ഫണ്ട്
3. പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
5. ജില്ലാ കളക്ടർ,മലപ്പുറം
6. സെക്രട്ടറി,പെരിന്തൽമണ്ണ നഗരസഭ,മലപ്പുറം
7. ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ.

പകർപ്പ്: നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്